നം കെ.എസ്സ്.എ.പിറ്റി.എ/പി8/786/2019 തിയതി:19.09.2019

# പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.11.2018 മുതൽ 18.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | :പി.കെ.വിജയലക്ഷ്മി | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :19.08.2019 മുതൽ 02.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അനിൽ മാത്യു ഐപ്പ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ജയപ്രഭ പി. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അശ്വതി വി. നായർ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | :ശ്രീ. റെനി സനൽ | 01.4.2018 മുതൽ 31.11.2018 വരെ |
| | ശ്രീ.തോമസ് ജേക്കബ് | 01.12.2018 മുതൽ 21.12.2018 വരെ |
| | ശ്രീമതി റേച്ചൽ ബോബൻ | 22.12.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | :ശ്രീ. സി.അശോക് | 01.04.2018 മുതൽ 31.03.2019 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
|---|---|---|---|
| ഉദ്യോഗപ്പേര് | : | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീ.ജി. സുരേഷ് ബാബു | 01.4.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | : | ശ്രീ. അരുൺ കുമാർ | 01.4.2018 മുതൽ 05.3.2019 വരെ |
| | : | ശ്രീ. അലക്സാണ്ടർ.എ | 06.3.2019 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | : | ശ്രീമതി പ്രേമാ ജോർജ്ജ് | 01.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | : | ശ്രീ. പ്രിയേഷ് .പി.യു | 01.4.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീ.ജിജേഷ് വി.സി. | 01.4.2018 മുതൽ 04.11.2018 വരെ |
| | | ശ്രീമതി ഷീന എസ്സ്. | 5.11.2018 മുതൽ 31.3.2019 വരെ |
| | | ശ്രീ. ശ്യാം കുമാർ എസ്സ്. | 01.4.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി ഷീബ ഡബ്ല്യൂ. | 1.04.2018 മുതൽ 26.11.2018 വരെ |
| | | ശ്രീമതി അജിത ദേവി | 26.11.2018 മുതൽ 07.12.2018 വരെ |
| | | ശ്രീമതി വിദ്യ എസ്സ്. | 8.12.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | | ശ്രീമതി രജിത ആർ. | 01.04.2018 മുതൽ 01.05.2018 വരെ |
| | | ശ്രീമതി സബിത വി.സി. | 2.05.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ശ്രീ.ജോർജ് വർഗ്ഗീസ് | 01.04.2018 മുതൽ 12.04.2018 വരെ |
| | | ശ്രീമതി വിനി ആൻ വർഗ്ഗീസ് | 13.04.18 മുതൽ 18.04.18വരെ |
| | | ഡോ.ഹരികൃഷ്ണൻ | 19.04.2018 മുതൽ31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | | ശ്രീമതി പൊന്നമ്മ | 01.04.2018 മുതൽ31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി അനീസ എൻ.എ. | 01.04.2018 മുതൽ 31.03.2019 വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും, രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ പൊതുവായ അപാകതകൾ, ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ വ്യക്തമായ നഷ്ടം, ക്രമക്കേടുകൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ വ്യക്തമായ ചെലവ് നഷ്ടം.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധം:</u>**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു | 1-10 |
| 11 | മൊബൈൽ ടവറുകളുടെ വസ്തു നികുതി | 1-11 |
| 12 | സഞ്ചയപ്രകാരം വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല | 1-12 |
| 13 | റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ തൊഴിൽനികുതി അടവാക്കുകയോ ചെയ്യുന്നില്ല | 1-13 |
| 14 | വാടകക്കാരുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടുന്നില്ല | 1-14 |
| 15 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല | 1-15 |
| 16 | അംഗീകൃതമായതിലും കൂടുതലായ അളവിൽ വിൻഡോ പരസ്യം നൽകി | 1-16 |
| 17 | മരുന്നുവാങ്ങൽ പദ്ധതികൾ - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-17 |
| 18 | അധികം നൽകിയ 12307 രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു | 1-18 |
| 19 | പുതിയ പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങിയത് -കാഡ്കോയുമായി നിയമാനുസൃതം കരാർ ചമച്ചിട്ടില്ല | 1-19 |
| 20 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ എസ്.സി.പി. ഫണ്ട് ചെലവഴിച്ചു | 1-20 |
| 21 | കംപ്ലീഷൻ സർട്ടിഫിക്കറ്റില്ലാതെ തുക ചെലവഴിച്ചു | 1-21 |
| 22 | വിനിയോഗത്തിലെ പിഴവ് - പഞ്ചായത്തിന് നഷ്ടമായത് 48.44 ലക്ഷം | 1-22 |
| 23 | ഇ.എം.എസ്സ് ഭവന പദ്ധതി - വായ്പാ തുക സമയപരിധിക്കുള്ളിൽ | 1-23 |

| | | |
|---|---|---|
| | അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ് | |
| 24 | പൈപ്പ് ലൈൻ നീട്ടൽ പദ്ധതികൾ - വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാതെ തുക നിക്ഷേപിക്കുന്നു | 1-24 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-25 |
| 26 | ആശ്രയ പദ്ധതി | 1-26 |
| 27 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല | 1-27 |
| | **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 28 | വരവ് നിരീക്ഷണങ്ങൾ | 2-1 |
| | **ഭാഗം 3 – ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 29 | ചെലവ് നിരീക്ഷണങ്ങൾ | 3-1 |
| | **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 16.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2916537 | 2567921 | (-) 348616 |
| വരവ് | 73844935 | 69913213 | (-) 3931722 |
| ആകെ | 76761472 | 72481134 | (-) 4280338 |
| ചെലവ് | 74426162 | 66011979 | (-) 8414183 |
| നീക്കിയിരിപ്പ് | 2335310 | 6469155 | (+) 4133845 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 10.04.2019 |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2567921 |
| വരവ് | 44147923 |
| ആകെ | 46715844 |
| ചെലവ് | 38326405 |
| നീക്കിയിരിപ്പ് | 8389439 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 8623000 | 8623000 | 8622772 | 228 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 4609000 | 4609000 | 3750398 | 858602 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 51000 | 51000 | 50997 | 3 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 3171000 | 3171000 | 1321504 | 1849496 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 2780000 | 2780000 | 2232159 | 547841 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 5591093 | 5591093 | 4003000 | 1588093 |
| സാക്ഷരത | | | 2069 | 2069 | 0 | 2069 |
| ദുരിതാശ്വാസനിധി | | 29664 | 18398 | 48062 | 42653 | 5409 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1118 | 341232 | 342350 | 340214 | 2136 |
| എസ്സ്.എസ്സ്.എ | | 24361 | 864 | 25225 | 0 | 25225 |
| ഐ.സി.ഡി.എസ്സ്(കേന്ദ്ര വിഹിതം) | | 35849 | 335057 | 370906 | 332729 | 38177 |
| റ്റി.എസ്സ്.സി(ബയോ ഗ്യാസ് പ്ളാന്റ്) | | 510230 | 0 | 510230 | 0 | 510230 |
| റ്റി.എസ്സ്.സി(പ്രീ മൺസൂൺ) | | 0 | 260000 | 260000 | 130000 | 130000 |
| റ്റി.എസ്സ്.സി(സോളിഡ് വേസ്റ്റ്മാനേജ്മെന്റ്) | | 0 | 1200000 | 1200000 | 0 | 1200000 |
| ശുചിത്വ മിഷൻ ഗ്രാന്റ് 893476 | | 1407284 | 0 | 1407284 | 0 | 1407284 |
| കേരളോത്സവം | | 15000 | 20000 | 35000 | 0 | 35000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 600000 | 1011315 | 1611315 | 1488000 | 123315 |
| | ജില്ലാ പഞ്ചായത്ത് | - | 1052858 | 1052858 | 982150 | 70708 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് തിരുവല്ല ഈസ്റ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് -301 | 2883090 | 1060393 | 3943483 | 3943483 | 0 |
| | ഫെഡറൽ ബാങ്ക് | 0 | 7261628 | 7261628 | 5130681 | 2130947 |
| | ട്രഷറി - റ്റി.എസ്സ്.ബി. | 2242131 | 6101296 | 8343427 | 7820618 | 522809 |
| സഞ്ചയ -ഇ പേയ്മെന്റ് | | 189580 | 2200832 | 2390412 | 2163344 | 227068 |
| കേരള ഗ്രാമീൺ ബാങ്ക് | | 1182 | 7648695 | 7649877 | 2588459 | 5061418 |
| [illegible] | | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ജോയിന്റ് വെഞ്ച്വർ 1689 | 600000 | 2064173 | 2664173 | 2470150 | 194023 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 48169229 | 111 | 27981291 | 63 | 10 | 60 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 112 | 1426200 |
| 2 | വികലാംഗ പെൻഷൻ | 161 | 2047700 |
| 3 | വാർദ്ധക്യകാല പെൻഷൻ | 1354 | 16136400 |
| 4 | 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 165600 |
| 5 | വിധവാ പെൻഷൻ | 407 | 4652800 |
| 6 | തൊഴിൽ രഹിത വേതനം | 12 | 18240 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2019 തീയതിയിൽ 3.20ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25014 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 04.10.18-06.10.18 | ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ-2018 | 06.10.2018 |
| പെർഫോർമൻസ് ഓഡിറ്റ് | 23.02.2018 | 2012-13 മുതൽ 2016-17 വരെ | 06.04.2018 |

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1.ഷെഡ്യൂൾ I-6 ൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഫണ്ടുകളിലെ റവന്യൂ വരവുകളിൽ യഥാർത്ഥത്തിൽ മൂലധനത്തുകകൾ കൂടി ഉൾപ്പെട്ടിരിക്കുന്നു.

2.വസ്തു നികുതി - സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളും വാർഷിക കണക്ക് പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

3.പുതിയ ആസ്തികളുടെ മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ടിട്ടില്ല.

4.ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 2500 രൂപയുടെ വിവരം വാർഷിക കണക്കിൽ നിശ്ചിത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വെണ്ണിക്കുളം ശാഖയിൽ 36904842059 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 103806 രൂപ ഈ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ വസ്തുനികുതിയുള്ള സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 15.05.2018 | 1996 | 21.05.2018 |
| 01.06.2018 | 5321 | 11.06.2018 |
| 04.08.2018 | 602 | 14.12.2018 |
| 11.11.2018 | 1345 | 19.11.2018 |
| 27.11.2018 | 3345 | 06.12.2018 |
| 30.01.2019 | 18227 | 19.02.2019 |
| 11.02.2019 | 5605 | 12.03.2019 |
| 28.02.2019 | 2312 | 23.03.2019 |
| 05.03.2019 | 5017 | 23.03.2019 |
| 11.03.2019 | 673 | 30.03.2019 |

ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. പല ദിവസങ്ങളിലും കണക്കുകളിൽ വലിയ അന്തരമുണ്ടാകുന്നു. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്ത് അധികൃതരുടേയും ഡിഡിപിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 മൊബൈൽ ടവറുകളുടെ വസ്തു നികുതി

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് ച.മീറ്ററിന് 500/- രൂപയാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും (ബാറ്ററി മുറി, അനുബന്ധമുറി, ടവറിന്റെ പോൾസ്ട്രക്ചർ)നികുതി ചുമത്തേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിൽ നിലവിൽ 7 മൊബൈൽ ടവറുകളാണ് ഉള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | കെട്ടിട നം. | വിസ്തീർണ്ണം/ വസ്തുനികുതി |
|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് | III/187/എ | 42.25 ച.മീ |
| 2 | ബി.എസ്.എൻ.എൽ | III/262/എ | 6.25 ച.മീ |
| 3 | റിലയൻസ് | III/499/എ | 10.82ച.മീ |
| 4 | ടവർ വിഷൻ | VI/305/എ | 77.44ച.മീ |
| 5 | ഇൻഡസ് ടവേഴ്സ് | VI/334 ബി | 31.36ച.മീ |
| 6 | ടവർ വിഷൻ | X/142/എ | 56.25 ച.മീ |
| 7 | ഇൻഡസ് ടവേഴ്സ് | X/308/എ | 31.36 ച.മീ |

ഇവയിൽ ബി.എസ്സ്.എൻ.എൽ., റിലയൻസ് എന്നീ ടവറുകളുടെ വിസ്തീർണ്ണം (ക്രമ നം. 2,3) മറ്റു ടവറുകളുടേതിനെ അപേക്ഷിച്ച് വളരെ കുറവാണ്. മേൽപ്പറഞ്ഞ രീതിയിൽ പെർമിറ്റ് എടുത്തിട്ടുള്ള എല്ലാ ഭാഗത്തിനും നികുതി ചുമത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ടവറുകളുടെ വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നിർണ്ണയിച്ച നികുതി കൃത്യമായാണോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-12 സഞ്ചയപ്രകാരം വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 997 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 802 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 125 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 3 |
| ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 47 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ | 3 |
| വ്യവസായത്തിനാവശ്യമായ കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | 1 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 16 |
| ആകെ | 997 |

ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ 232 സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ ലൈസൻസോടെ പ്രവർത്തിച്ചിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഉചിതമായ തുടർനടപടി ഉണ്ടാകുന്നതിന് ഭരണസമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ തൊഴിൽനികുതി അടവാക്കുകയോ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. ഈ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, സ്ഥാപനത്തിന്റെയും, ജീവനക്കാരുടെയും തൊഴിൽനികുതി ഇവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വാടകക്കാരുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടുന്നില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 6 കടമുറികളാണ് 2018-19 ൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഏതാനും ആളുകളുടെ മുദ്രപത്രം വാങ്ങി പേരെഴുതി സൂക്ഷിക്കുക മാത്രമാണ് ചെയതിട്ടുള്ളത്. കരാറിൽ ഏർപ്പെടാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര്, മേൽവിലാസം | റിമാർക്സ് |
|---|---|---|
| 1 | ശ്രീമതി രമാഭായി പ്രസാദ്, അഞ്ചാനിക്കൽ, കവുങ്ങുംപ്രയാർ | കരാർപത്രം ഇല്ല |
| 2 | ശ്രീ. ഉമ്മൻ വർഗീസ്, മുരിങ്ങശ്ശേരിൽ, പുറമറ്റം | കരാർപത്രം ഇല്ല |
| 3 | ശ്രീ. ജോസഫ് തോമസ്, നീരുവില്ലായിൽ വീട്, പുറമറ്റം | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 4 | ശ്രീ. പുരുഷോത്തമൻ നായർ, കാവനാൽ | കരാർ പത്രങ്ങളിൽ |

| | | |
|---|---|---|
| | വീട്, പുറമറ്റം വീട് | രേഖപ്പെടുത്തലുകൾ ഇല്ല |
| 5 | ശ്രീ. കെ.ജി ജയസേനൻ, കാവനാൽ, പുറമറ്റം | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 6 | സെക്രട്ടറി, പുറമറ്റം ക്ഷീരോല്പാദക സഹകരണസംഘം | കരാർപത്രം ഇല്ല |

പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ (നം.എച്ച് 1-13880/06) ൽ കരാറിൽ ഏർപ്പെടുമ്പോൾ പഞ്ചായത്ത് പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-15 ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി) നം.7/2016/ധന. തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതവും ഒടുക്കേണ്ടതാണ്.

# 1-16 അംഗീകൃതമായതിലും കൂടുതലായ അളവിൽ വിൻഡോ പരസ്യം നൽകി

| | |
|---|---|
| പ്രോജക്ട് നം./പേര് | 1/19പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| അടങ്കൽ | 150000<br>(75204-വികസനഫണ്ട്+74796 തനത് ഫണ്ട്) |
| ചെലവ് | 126459 (75204-വികസനഫണ്ട്+51255 തനത് ഫണ്ട്) |

സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത് പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് -ഡി)വകുപ്പ് സ.ഉ. (അച്ചടി) 01/04/ഐ ആന്റ് പി ആർ, 01.01.04 നിശ്ചയിച്ചിരിക്കുന്ന അളവായ 24 ച.സെ.മീറ്ററിലും കൂടുതലായാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | പത്രത്തിന്റെ പേര് | അളവ് |
|---|---|---|
| KL0194083414/12.07.2018 | മലയാള മനോരമ | 8*5=40ച.സെ.മീ |
| KL0194084595/14.07.2018 | മലയാള മനോരമ | 8*8=64ച.സെ.മീ |
| KL0194086756/17.07.2018 | മലയാള മനോരമ | 8*7=56ച.സെ.മീ |
| KL0194126013/14.09.2018 | മലയാള മനോരമ | 8*8=64ച.സെ.മീ |
| 321000142927/16.02.2019 | മാതൃഭൂമി | 8*5=40ച.സെ.മീ |
| 321000152199/09.03.2019 | മാതൃഭൂമി | 8*5=40ച.സെ.മീ |

വിൻഡോ പരസ്യത്തിനായുള്ള അംഗീകൃത അളവിൽ പരസ്യം നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മരുന്നുവാങ്ങൽ പദ്ധതികൾ - മരുന്നുകൾ ലഭ്യമായിട്ടില്ല

| പ്രോജക്ട് നം./പേര് | അടങ്കൽ | മരുന്നുകൾക്കായി നൽകിയ തുക | മരുന്നുകൾ ലഭ്യമാക്കേണ്ട സ്ഥാപനം |
|---|---|---|---|
| 64/19 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ | 50000 | 50000 | ഹോംകോ |
| 61/19 പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ | 50000 | 50000 | കെ.എം.എസ്.സി.എൽ |
| 24/19 പാലിയേറ്റീവ് കെയർ | 860439 | 344000 | കെ.എം.എസ്.സി.എൽ. |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, പുറമറ്റം) നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റായി നൽകിയിട്ടുണ്ട്. നിലവിൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നവർ ശയ്യാവലംബികളായ രോഗികളാണ്. സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രികളിൽ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 അധികം നൽകിയ 12307 രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സെന്റ് ബഹനാൻസ് ചർച്ച് പിഡബ്ല്യുഡി ഓഫീസ് പടി റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം. 19/19) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ7% കുറഞ്ഞ തുകയ്ക്കാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തത്. ആകെ

പ്രവൃത്തി മൂല്യം 1,75,814 രൂപ ആയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ 7% ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെയാണ് കരാറുകാരന് ബിൽ തുക നൽകിയത്. ഇതു മൂലം ടി ബിൽ പ്രകാരം കരാറുകാരന് 12,307 രൂപ അധികം നൽകിയിരുന്നു. ടി തുക ഓഡിറ്റ് നിർദ്ദേശ പ്രകാരം രസീത് നം.11902010196 തീയതി 20.09.2019 പ്രകാരം തിരിച്ചടച്ചു.

## 1-19 പുതിയ പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങിയത് - കാഡ്കോയുമായി നിയമാനുസൃതം കരാർ ചമച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 223/19പുതിയ പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ |
| അടങ്കൽ | 103947 (തനത് ഫണ്ട്) |
| ചെലവ് | 103945 (തനത് ഫണ്ട്) |

സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പദ്ധതിപ്രകാരം കുഷ്യൻ ചെയർ, എയർപോർട്ട് ചെയർ എന്നിവ വാങ്ങുന്നതിനായി 103945 രൂപ (ചെക്ക് നം.17724/31.12.2018) കാഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ബിൽ പ്രകാരമുള്ള ഫർണിച്ചറുകൾ ലഭ്യമാകുകയും അവ നിലവിൽ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സ്ഥാപനവുമായി നിയമാനുസൃതമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-20 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ എസ്.സി.പി. ഫണ്ട് ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം./ പേര് | 151/19 ചേറ്റുതടം കോളനിയിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ |
| അടങ്കൽ | 117000 (വികസനഫണ്ട് -എസ്.സി.പി) |
| ചെലവ് | 34850 (വികസനഫണ്ട് -എസ്.സി.പി) |

ചേറ്റുതടം കോളനിയിലെ സ്ട്രീറ്റ് ലൈൻ നീട്ടുന്നതിനായി 34850 രൂപ കെ.എസ്.ഇ.ബി. യിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള ഫണ്ടിന്റെ പ്രയോജനം ടി വിഭാഗത്തിൽപ്പെട്ടവർക്കു തന്നെ ലഭിക്കുന്നതിനാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നിഷ്കർഷിച്ചിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 കംപ്ലീഷൻ സർട്ടിഫിക്കറ്റില്ലാതെ തുക ചെലവഴിച്ചു

| | | |
|---|---|---|
| പ്രോജക്ട് നം./പേര് | 141/19 പടുതോട് ജംഗഷനിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 142/19 ചീനിക്കാല കോളനി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 200000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 100000 (വികസനഫണ്ട് -എസ്.സി.പി) |
| ചെലവ് | 199800(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 100000 (വികസനഫണ്ട് |

| | | -എസ്.സി.പി) |
|---|---|---|

സെക്രട്ടറി നിർവ്വഹണം നടത്തിയ 141/19, 142/19 പദ്ധതികൾ പ്രകാരം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോടിമത എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. ലൈറ്റ് സ്ഥാപിച്ചതായി ടി സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റോ, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-22 വിനിയോഗത്തിലെ പിഴവ് - പഞ്ചായത്തിന് നഷ്ടമായത് 48.44 ലക്ഷം രൂപ

2018-19 വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച തുക പൂർണ്ണമായി വിനിയോഗിക്കാതിരുന്നതിനാൽ 48.44ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയായ 1588093 രൂപ 27.03.2019 തീയതിയിലാണ് ലഭിച്ചത്. മറ്റു ഫണ്ടുകൾ സമയബന്ധിതമായി ലഭിച്ചിരുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത് എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാതെ അവശേഷിച്ച തുക |
|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 51000 | 50997 | 3 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 3171000 | 1321504 | 1849496 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 2780000 | 2232159 | 547841 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 5591093 | 4003000 | 1588093 |
| ആകെ | 16151093 | 11307061 | 4844032 |

# 1-23 ഇ.എം.എസ്സ് ഭവന പദ്ധതി - വായ്പാ തുക സമയപരിധിയ്ക്കുള്ളിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഇ.എം.എസ്സ്. ഭവന പദ്ധതിയ്ക്കായി 2010-11 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് പുറമറ്റം ശാഖയിൽ നിന്നും 7797500 രൂപ വായ്പയെടുത്തിരുന്നു. വായ്പാ തുക പത്തുവർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്നായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. കരാർ

കാലാവധി അവസാനിക്കാൻ ഒരു വർഷം കൂടി മാത്രം ബാക്കി നിൽക്കേ മുതൽ തുകയായി 1122125 രൂപ അടവാക്കാൻ അവശേഷിക്കുന്നു. തൻവർഷം തിരിച്ചടവ് നടത്തിയിട്ടില്ല. വായ്പാ തുകയുടെ പലിശ മാത്രമാണ് സർക്കാർ അടവാക്കുന്നതെന്നിരിക്കെ മുതൽ തുക യഥാ സമയം അടവാക്കാതിരുന്നാലുള്ള പിഴപ്പലിശ ബാദ്ധ്യത പഞ്ചായത്ത് നൽകേണ്ടി വരും. വായ്പാ തുക പൂർണ്ണമായും അടവാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പൈപ്പ് ലൈൻ നീട്ടൽ പദ്ധതികൾ - വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാതെ തുക നിക്ഷേപിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ച് തൻ വർഷം നടപ്പിലാക്കിയ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ് ഇല്ലാതെയാണ് തുക നിക്ഷേപിച്ചത്. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ അബ്സ്ട്രാക്ടിൽ working charge, cost of materials, centage charges contigency charges എന്നിങ്ങനെയുള്ള തുകകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എത്ര ദൂരം വരെയാണ് പൈപ്പ് ലൈൻ നീട്ടുന്നതെന്നോ ആവശ്യമായ സാധന സാമഗ്രികൾ എന്തൊക്കെയാണെന്നോ ഉള്ള വിവരങ്ങൾ പഞ്ചായത്തിനെ അറിയിക്കുന്നില്ല. വിവിധ പ്രദേശങ്ങളിലെ പൈപ്പ് ലൈൻ നീട്ടലിനായി ആവശ്യപ്പെടുന്ന തുക വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. ഇതുകൊണ്ടു തന്നെ നിക്ഷേപിച്ച തുകയ്ക്ക് ആനുപാതികമായി പ്രവൃത്തി നടന്നിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ പഞ്ചായത്തിന് കഴിയുന്നില്ല.
തൻ വർഷത്തെ നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് പ്രോജക്ട് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|
| 1. | ഇടത്തറ കോളനി പൈപ്പ് ലൈൻ നീട്ടൽ,216/19 | 201570 |
| 2. | സങ്കേതം കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ,177/19 | 100000 |

വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കി മാത്രം തുക നിക്ഷേപിക്കേണ്ടതും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുമ്പോൾ നൽകിയ തുകയ്ക്ക് ആനുപാതികമായി പ്രവത്തി നടന്നിട്ടുണ്ടോ എന്ന് മോണിട്ടർ ചെയ്യേണ്ടതുമാണ്. ഈ വിഷയത്തിൽ കുടിവെള്ള വർക്കിംഗ് ഗ്രൂപ്പിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പഞ്ചായത്തിൽ 2018-19 വർഷം തുക ഡെപ്പോസിറ്റ് ചെയ്ത നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | കേരള | 177/19പൈപ്പ് ലൈൻ | 21800945/29.12.2018 | 94000 + |

| | | | | |
|---|---|---|---|---|
| | പ്രവത്തിവാട്ടർ അതോറിറ്റി | എക്സ്റ്റൻഷൻ- സങ്കേതം കോളനി | 21800956/25.01.2019 | 6000<br>----------<br>100000 |
| 2 | കേരള വാട്ടർ അതോറിറ്റി | 216/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- ഇടത്തറ കോളനി | 21800955/19.01.2019 | 201570 |
| 3 | കെ.എസ്സ്.ഇ.ബി | 27/19- നാലാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800937/13.08.2018 | 78200 |
| 4 | കെ.എസ്സ്.ഇ.ബി | 29/19- അഞ്ചാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800941/13.08.2018 | 50000 |
| 5 | കെ.എസ്സ്.ഇ.ബി | 30/19-ബഥനിപ്പടി-ടി.എം.വി റോഡ്- ബ്ളോക്ക് മലപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800941/13.08.2018 | 40000 |
| 6 | കെ.എസ്സ്.ഇ.ബി | 32/19-മുതുപാല റ്റി.എം.വി.റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800943/13.08.2018 | 40000 |
| 7 | കെ.എസ്സ്.ഇ.ബി | 33/19- ഏഴാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800947/13.08.2018 | 80000 |
| 8 | കെ.എസ്സ്.ഇ.ബി | 34/19- കിഴക്കേതിൽപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800977/13.12.2018 | 79985 |
| 9 | കെ.എസ്സ്.ഇ.ബി | 35/19- ചാപ്രത്തിൽപ്പടി-ഊഴത്തിൽപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800946/13.08.2018 | 40000 |
| 10 | കെ.എസ്സ്.ഇ.ബി | 36/19- മസാലപ്പടി ചെറുവള്ളിപ്പാറ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800953/13.12.2018 | 39950 |
| 11 | കെ.എസ്സ്.ഇ.ബി | 37/19- പാട്ടക്കാല എലിമുള്ളിപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800950/13.12<br>2018 | 35000 |
| 12 | കെ.എസ്സ്.ഇ.ബി | 39/19- കവിതാ ജംഗ്ഷൻ -മാമൂട് പാറ എൽ.പി.സ്കൂൾ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800951/13.12.2018 | 52280 |
| 13 | കെ.എസ്സ്.ഇ.ബി | 39/19- പന്ത്രണ്ടാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800979/13.12.2018 | 79985 |
| 14 | കെ.എസ്സ്.ഇ.ബി | 123/19-മൂന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800954/13.12.2018 | 59925 |
| 15 | കെ.എസ്സ്.ഇ.ബി | 135/19- ഒന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800952/13.12.2018 | 39950 |
| 16 | കെ.എസ്സ്.ഇ.ബി | 136/19- പതിനൊന്നാം വാർഡിലെ വിവിധ | 21800944/13.12.2018 | 64940 |

| | | | | |
|---|---|---|---|---|
| | | സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | | |
| 17 | കെ.എസ്സ്.ഇ.ബി | 147/19- കരിങ്കുറ്റി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800790/16.05.2018 | 49025 |
| 18 | കെ.എസ്സ്.ഇ.ബി | 149/19- പതിമൂന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800801/18.05.2018 | 52453 |
| 19 | കെ.എസ്സ്.ഇ.ബി | 150/19- കരിങ്കുറ്റി -കരിമ്പനാമ്പി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800789/16.05.2018 | 44850 |
| 20 | കെ.എസ്സ്.ഇ.ബി | 151/19- ചേറ്റു തടം കോളനി - വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800788/16.05.2018 | 34850 |
| 21 | കെ.എസ്സ്.ഇ.ബി | 144/19- എ.ആർ.ഒ ഓഫീസ് പടി സെന്റ് ബഹനാൻസ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800799/18.05.2018 | 11498 |
| 22 | കെ.എസ്സ്.ഇ.ബി | 145/19- കൊച്ചെഴുത്തും മല സി.എസ്സ്.ഐ പള്ളിപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800802/18.05.2018 | 44215 |
| 23 | കെ.എസ്സ്.ഇ.ബി | 146/19- പരുർപ്പാലം പാരുമണ്ണിൽപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800803/18.05.2018 | 41400 |
| 24 | കെ.എസ്സ്.ഇ.ബി | കണിയാൻ പറമ്പിൽ കൊല്ലം മേപ്രത്ത് റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് | 21800563/22.12.2018 | 16289 |
| 25 | കെ.എസ്സ്.ഇ.ബി | കല്ലൻ മേപ്രത്ത് റോഡ് അംബേദ്കർ കോളനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21800958/25.01.2019 | 28284 |

കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നുമുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നിക്ഷേപിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെങ്കിൽ ബാലൻസ് തുക തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തുടർ നടപടികൾ മോണിട്ടർ ചെയ്യേണ്ടതുമാണ്.

## 1-26 ആശ്രയ പദ്ധതി

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 ഘട്ടത്തിലുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 39 ഉം രണ്ടാം ഘട്ടത്തിൽ 146 ഉം ഉൾപ്പെടെ 185 ഗുണഭോക്താക്കൾ ഉണ്ട്. 2018-19 വർഷം ചലഞ്ച് ഫണ്ടിൽ നിന്നും

ഭക്ഷണച്ചെലവ് ഇനത്തിൽ 288139 രൂപയും പഠന സഹായ ഇനത്തിൽ 26450 രൂപയുമാണ് ചെലവഴിച്ചത്.

ആശ്രയ മാർഗ്ഗരേഖ പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീട് വയ്ക്കാൻ സ്ഥലം, വീട്, വീട് പുനരുദ്ധാരണം, കക്കൂസ്, കുടിവെള്ളം, വൈദ്യുത കണക്ഷൻ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടത്. ജനറൽ, എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. അതുകൊണ്ടു തന്നെ പ്രോജക്ട് ആരംഭിച്ച ആദ്യ വർഷങ്ങളിൽതന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രോജക്ട് വിഭാവനം ചെയ്ത് ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്ത് ചെയ്തുവരുന്നത്. ആയതിനാൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ ആവശ്യങ്ങൾ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ അവശേഷിക്കുന്നു.

വികസന ഫണ്ടിൽ നിന്നും 300000 രൂപ തൻ വർഷം ലഭിച്ചെങ്കിലും ടി തുക ചെലവഴിച്ചിട്ടില്ല. ആശ്രയ അക്കൗണ്ടിൽ നിലവിൽ 1103207 രൂപ (ചലഞ്ച് ഫണ്ട് - 275438 + പ്ലാൻ ഫണ്ട്-625574+പലിശ-202195) അവശേഷിക്കുന്നുണ്ട്. 2019 മാർച്ചിൽ ' അഗതിരഹിത കേരളം' പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും നിലവിൽ ടി പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ ടി പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റികളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-27 ഇ ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2018-19 വർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പിലാക്കിയ 22 മരാമത്ത് പ്രവൃത്തികളുടെ ഇ - ടെണ്ടർ ഫീസിനത്തിൽ 39130 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും നാളിതുവരെ ഗ്രാമപ്പഞ്ചായത്തിന് തിരികെ ലഭിച്ചില്ല.

ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു. തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 10.06.2019-12.06.2019 | കെ.എസ്സ്.എ.പി.റ്റിഎ.പി./ 2019 തീയതി 26.06.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് | 28.03.2019 | 30992 | എം.സി.എഫ്.നിർമ്മാണം- | 0 | 30922 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | രണ്ടാം ഘട്ടം | | |
| ബ്ളോക്ക് പഞ്ചായത്ത് | 06.10.2018 | 788743 | ലൈഫ് മിഷൻ- ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 788000 | 743 |
| ബ്ളോക്ക് പഞ്ചായത്ത് | 06.10.2018 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 08.03.2019 | 91580 | പുറമറ്റം ഗ്രാമപ്പഞ്ചായത്ത്- ഹരിത ഗ്രാമം പ്രോജക്ട് | 0 | 91580 |
| ജില്ലാ പഞ്ചായത്ത് | 06.10.2018 | 367858 | ലൈഫ് മിഷൻ- ജില്ലാ പഞ്ചായത്ത് വിഹിതം | 332000 | 35858 |
| ജില്ലാ പഞ്ചായത്ത് | 20.03.2019 | 90000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 90000 | 0 |
| ജില്ലാ പഞ്ചായത്ത് | 29.03.2019 | 595000 | നെൽകൃഷി വികസനം | 560150 | 34850 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 177/പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- സങ്കേതം കോളനി | 21800945/29.12.2018 | 94000 | 0 | 94000 |
| 2 | കേരള വാട്ടർ അതോറിറ്റി | 216/ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- ഇടത്തറ കോളനി | 21800955/19.01.2019 | 201570 | 0 | 201570 |
| 3 | കേരള വാട്ടർ അതോറിറ്റി | 177/പൈപ്പ് ലൈൻ എക്സ്റ്റൻഷന് | 21800956/25.01.2019 | 6000 | 0 | 6000 |
| 4 | കെ.എസ്സ്.ഇ.ബി | 27/18- നാലാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800937/13.08.2018 | 78200 | 0 | 78200 |
| 5 | കെ.എസ്സ്.ഇ.ബി | 29/18- അഞ്ചാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ | 21800941/13.08.2018 | 50000 | 0 | 50000 |

| | | | | | | |
|---|---|---|---|---|---|---|
| | | സ്ട്രീറ്റ് ലൈൻ നീട്ടൽ | | | | |
| 6 | കെ.എസ്സ്.ഇ.ബി | 30/18- ബഥനിപ്പടി- ടി.എം.വി റോഡ്- ബ്ളോക്ക് മലപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800941/13.08.2018 | 40000 | 0 | 40000 |
| 7 | കെ.എസ്സ്.ഇ.ബി | 32/18-മുതുപാല റ്റി.എം.വി.റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800943/13.08.2018 | 40000 | 0 | 40000 |
| 8 | കെ.എസ്സ്.ഇ.ബി | 33/18- ഏഴാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800947/13.08.2018 | 80000 | 0 | 80000 |
| 9 | കെ.എസ്സ്.ഇ.ബി | 34/18- കിഴക്കേതിൽപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800977/13.12.2018 | 79985 | 0 | 79985 |
| 10 | കെ.എസ്സ്.ഇ.ബി | 35/18- ചാപ്രത്തിൽപ്പടി- ഊഴത്തിൽപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800946/13.08.2018 | 40000 | 0 | 40000 |
| 11 | കെ.എസ്സ്.ഇ.ബി | 36/18- മസാലപ്പടി ചെറുവള്ളിപ്പാറ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800953/13.12.2018 | 39950 | 0 | 39950 |
| 12 | കെ.എസ്സ്.ഇ.ബി | 37/18- പാട്ടക്കാല എലിമുള്ളിപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800950/13.12 2018 | 35000 | 0 | 35000 |
| 13 | കെ.എസ്സ്.ഇ.ബി | 39/19- കവിതാ ജംഗ്ഷൻ - മാമൂട് പാറ എൽ.പി.സ്കൂൾ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800951/13.12.2018 | 52280 | 0 | 52280 |
| 14 | കെ.എസ്സ്.ഇ.ബി | 39/18- പന്ത്രണ്ടാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800979/13.12.2018 | 79985 | 0 | 79985 |
| 15 | കെ.എസ്സ്.ഇ.ബി | 123/18-മൂന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800954/13.12.2018 | 59925 | 0 | 59925 |
| 16 | കെ.എസ്സ്.ഇ.ബി | 135/18- ഒന്നാം | 21800952/13.12.2018 | 39950 | 0 | 39950 |

| | | | | | | |
|---|---|---|---|---|---|---|
| | | വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | | | | |
| 17 | കെ.എസ്സ്.ഇ.ബി | 136/18- പതിനൊന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800944/13.12.2018 | 64940 | 0 | 64940 |
| 18 | കെ.എസ്സ്.ഇ.ബി | 147/18- കരിങ്കുറ്റി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800790/16.05.2018 | 49025 | 0 | 49025 |
| 19 | കെ.എസ്സ്.ഇ.ബി | 149/18- പതിമൂന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800801/18.05.2018 | 52453 | 0 | 52453 |
| 20 | കെ.എസ്സ്.ഇ.ബി | 150/18- കരിങ്കുറ്റി -കരിമ്പനാമൂി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800789/16.05.2018 | 44850 | 0 | 44850 |
| 21 | കെ.എസ്സ്.ഇ.ബി | 151/18- ചേറ്റു തടം കോളനി - വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800788/16.05.2018 | 34850 | 0 | 34850 |
| 22 | കെ.എസ്സ്.ഇ.ബി | 144/18- എ.ആർ.ഒ ഓഫീസ് പടി സെന്റ് ബഹനാൻസ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800799/18.05.2018 | 11498 | 0 | 11498 |
| 23 | കെ.എസ്സ്.ഇ.ബി | 145/18- കൊച്ചെഴുത്തും മല സി.എസ്സ്.ഐ പള്ളിപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800802/18.05.2018 | 44215 | 0 | 44215 |
| 24 | കെ.എസ്സ്.ഇ.ബി | 146/18- പരുർപ്പാലം പാരുമണ്ണിൽപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 21800803/18.05.2018 | 41400 | 0 | 41400 |
| 25 | കെ.എസ്സ്.ഇ.ബി | കണിയാൻ പറമ്പിൽ കൊല്ലം മേപ്രത്ത് റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് | 21800563/22.12.2018 | 16289 | 0 | 16289 |
| 26 | കെ.എസ്സ്.ഇ.ബി | കല്ലൻ മേപ്രത്ത് റോഡ് അംബേദ്കർ | 21800958/25.01.2019 | 28284 | 0 | 28284 |

| | | | | | | |
|---|---|---|---|---|---|---|
| | | കോളനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്.ഭവന പദ്ധതി | ജി.ഒ.പി.നമ്പർ 1031/10 തീയതി 25.03.2010 | 7797500 | 1122125 | | 112210 | 1122125 |
| KURDFC(സർക്കാർ ലഭ്യമാക്കിയ വായ്പാ തുക) | സ.ഉ(കൈ)68/18/ ത.സ്വ.ഭ.വ തീയതി 18.05.2018 | 2128000 | 2128000 | ഇല്ല | ഇല്ല | 2128000 |

# 4-6 സ്ഥിര നിക്ഷേപം

**ഇല്ല**

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-4 | 2500 | റ്റി.എൻ.ശശിധരൻ,അരിക്കുഴിയിൽ വീട് | 118020100348/26.04.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2016/17 | 2-4 | 2016/17 | വസ്തുനികുതി | പരാമർശം |

| | | | | |
|---|---|---|---|---|
| | | | പരിഷ്കരണനടപടികൾക്ക് സ്ഥിരീകരണമില്ല | നിലനിൽക്കുന്നു |
| 2015/16 | 2-6 | 2016/17 | തൊഴിൽ നികുതി | ” |
| 2015/16 | 2-7 | 2016/17 | ” | ” |
| 2015/16 | 2-8 | 2016/17 | ” | ” |
| 2015/16 | 2-9 | 2016/17 | ” | ” |
| 2014/15 | 2-4 | 2016/17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | ” |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് ഉൾപ്പെടെ) | : | 46715844 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38326405 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ<br>അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

**(ബി).** **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമനം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|---|

| | | | എണ്ണം |
|---|---|---|---|
| 1. | 2001-02 ജനകീയാസൂത്രണം | എൽ.എഫ്.പി.റ്റിഎ.പി3-45/04 തീയതി 06.05.04/12.07.04 | 2 |
| 2. | 2001-02 (വരവ്) | എൽ.എഫ്.പി.റ്റിഎ.പി5-780/11 തീയതി 27.06.11 / 07.12.13 | 2 |
| 3. | 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റിഎ.പി3-724/05 തീയതി 23.03.06 / 05.05.2006 | 4 |
| 4. | 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റിഎ.പി5-588/07 തീയതി 13.02.2008 | 18 |
| 5. | 2003-04 | എൽ.എഫ്.പി.റ്റിഎ.പി7-355/10തീയതി 04.10.10 | 8 |
| 6. | 2004-05 | എൽ.എഫ്.പി.റ്റിഎ.പ7-356/10 തീയതി 04.10.10 | 11 |
| 7. | 2005-06 | എൽ.എഫ്.പി.റ്റിഎ.പി5-1094/11 തീയതി 06.12.11/07.12.2013 | 19 |
| 8. | 2008-09 | എൽ.എഫ്.പി.റ്റിഎ.പി5-404/12 തീയതി 20.09.2011/29.11.2012 | 6 |
| 9. | 2009-10 | എൽ.എഫ്.പി.റ്റിഎ.പി5-405/12 തീയതി 02.08.14/09 | 4 |
| 10. | 2010-11 | എൽ.എഫ്.പി.റ്റിഎ.പി5-406/12 തീയതി 07.06.2012/03.04.14 | 9 |
| 11. | 2011-12മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റിഎ.പി8-149/14 തീയതി 24.04.14/14.11.14 | 9 |
| 12. | 2013-14 | എൽ.എഫ്.പി.റ്റിഎ.പി8-572/15 തീയതി 08.07.2015 | 12 |
| 13. | 2014-15 | കെ.എസ്.എ.പി.റ്റി.എ.പി8-749/16 തീയതി 16.07..2016 | 9 |
| 14. | 2015-16 | കെ.എസ്.എ.പി.റ്റി.എ.പി8-1359/16 തീയതി 24.12.2016 | 20 |
| 15. | 2016-17 | കെ.എസ്.എ.പി.റ്റി.എ.പി8-1131/17 തീയതി 04.10.2017 | 18 |
| 16 | 2017-18 | കെ.എസ്.എ.പി.റ്റി.എ.പി8-1574/18 തീയതി 15.12.2018 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിജയലക്ഷ്മി പി.കെ
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ.പി.റ്റി.എ.പി8/786/2019** **തീയതി: 19.09.19**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**വിജയലക്ഷ്മി പി.കെ.**
**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

## <u>AUDIT CERTIFICATE</u>

No.KSAPTA.P8/786/2019 Date: 19.09.19

Certified that I have Audited the Annual Financial Statement of **Puramattom Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Puramattom Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

Vijaylakshmi. P.K
Deputy Director